"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയ്ക്ക് കീഴിൽ നിലവിലുള്ള കരാർ ജീവനക്കാരുടെ കരാർ കാലാവധി മൂന്ന് മാസത്തേയ്ക്ക് കൂടി താൽക്കാലികമായി ദീർഘിപ്പിക്കാൻ അനുമതി നൽകി ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.2549/2025/LSGD തീയതി,തിരുവനന്തപുരം, 22-10-2025

---

പരാമർശം:-
1. സ.ഉ (സാധാ)നം. 1559/2022/തസ്വഭവ തീയതി 30.06.2022
2. സ.ഉ (സാധാ)നം. 1252/2024/തസ്വഭവ തീയതി 09.07.2024
3. സ.ഉ (സാധാ)നം. 2066/2024/തസ്വഭവ തീയതി 29.10.2024
4. പ്രിൻസിപ്പൽ ഡയറക്ടറുടെ 09.10.2025 ലെ LSGD/PD/38209/2024/DPLD3 നമ്പർ കത്ത്.

**ഉത്തരവ്**

അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ (AUEGS) കീഴിൽ, പരാമർശം (1), (2) പ്രകാരം കരാർ അടിസ്ഥാനത്തിൽ ജോലിയിൽ തുടർന്ന അസിസ്റ്റന്റ് എഞ്ചിനിയർ, ഓവർസിയർ, അക്കൗണ്ടന്റ്-കം-ഐ.ടി അസിസ്റ്റന്റ് എന്നീ ജീവനക്കാരുടെ കരാർ കാലാവധി, പരാമർശം (3) പ്രകാരം, അവരുടെ പെർഫോമൻസ് അപ്പ്രൈസലിന്റെ അടിസ്ഥാനത്തിൽ, ഒന്നോ രണ്ടോ ദിവസത്തെ ഇടവേള നൽകി ഒരു വർഷത്തേക്ക് ദീർഘിപ്പിക്കാൻ അനുമതി നൽകിയിരുന്നു. തദ്ദേശഭരണ സഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പ് സമാഗതമാകുന്നതിനാൽ ജീവനക്കാരുടെ പെർഫോമൻസ് അപ്പ്രൈസൽ നടത്തുക ക്ലേശകരമാണെന്നും ആയതിനാൽ പ്രസ്തുത ജീവനക്കാരുടെ കരാർ കാലാവധി ഒരു ദിവസത്തെ ഇടവേള നൽകി കൊണ്ട് മൂന്ന് മാസത്തേക്ക് കൂടി താൽക്കാലികമായി ദീർഘിപ്പിച്ച് നൽകുകയും തുടർന്ന് അപ്പ്രൈസൽ നടത്തി യോഗ്യരായവരെ ഒരു വർഷക്കാലത്തേക്ക് താൽക്കാലികമായി പുനർനിയമനം അനുമതി നൽകണമെന്നു LSGD പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (4) പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ വിഷയം വിശദമായി പരിശോധിച്ചു. LSGD പ്രിൻസിപ്പൽ ഡയറക്ടറുടെ അഭ്യർത്ഥന പരിഗണിച്ചും പദ്ധതിയുടെ നടത്തിപ്പിന് ജീവനക്കാരുടെ തുടർ സേവനം ആവശ്യമായതിനാലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ കീഴിൽ കരാർ അടിസ്ഥാനത്തിൽ ജോലിയിൽ തുടരുന്ന അസിസ്റ്റന്റ് എഞ്ചിനിയർ, ഓവർസിയർ,

അക്കൗണ്ടന്റ്-കം- ഐ.ടി അസിസ്റ്റന്റ് എന്നീ ജീവനക്കാരുടെ കരാർ കാലാവധി, ഒരു ദിവസത്തെ ഇടവേള നൽകി മൂന്ന് മാസത്തേക്ക് കൂടി താൽക്കാലികമായി ദീർഘിപ്പിക്കാൻ അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

രാമനാഥ് ജി

ഡെപ്യൂട്ടി സെക്രട്ടറി

പകർപ്പ്: പ്രിൻസിപ്പൽ ഡയറക്ടർ, എൽ.എസ്.ജി.ഡി., തിരുവനന്തപുരം

എല്ലാ മുനിസിപ്പൽ കോർപ്പറേഷൻ മേയർ/സെക്രട്ടറിമാർക്കും (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

എല്ലാ മുനിസിപ്പൽ കൗൺസിൽ ചെയർമാൻ/സെക്രട്ടറിമാർക്കും (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം

വെബ് & ന്യൂ മീഡിയ (ഐ & പി.ആർ.ഡി)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by

Nisam N

Date: 22-10-2025 11:07:04

സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

ബഹു.തദ്ദേശ സ്വയംഭരണം, ഗ്രാമവികസന, എക്സൈസ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്